പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 731 — 29.5.2019 -ൽ മറുപടിയ്ക്ക്

# ആഭ്യന്തര ടൂറിസം

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്ത് ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസം വികസനത്തിനായി ഒരു സമഗ്ര ടൂറിസം നയം പ്രഖ്യാപിച്ചു കഴിഞ്ഞു. ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും മികച്ച ടൂറിസം കേന്ദ്രമാക്കി കേരളത്തെ വളർത്താനും ഉതകുന്ന രീതിയിൽ കേരള ടൂറിസം റഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുള്ള നടപടിക്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. ടൂറിസം രംഗത്തെ സാധ്യതകൾ മുൻകൂട്ടി കാണാനും മികച്ച രീതിയിലെ പ്രവർത്തനങ്ങൾക്കുമായി ടൂറിസം അഡ്വൈസറി സമിതി ഉണ്ടാക്കി.<br>വിവിധ മാർക്കറ്റിംഗ് ക്യാമ്പയിനുകൾ വഴിയും നൂതന ടൂറിസം പദ്ധതികൾ വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. ഉത്തരേന്ത്യൻ, മറ്റ് ദക്ഷിണേന്ത്യൻ സഞ്ചാരികളെയും കേരളത്തിലേയ്ക്ക് ആകർഷിക്കാൻ ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ 2019-ൽ തുടങ്ങിക്കഴിഞ്ഞു. നൂതന ആശയങ്ങൾ ഉൾക്കൊള്ളുന്ന വിവിധ ഇന്റർനാഷണൽ/നാഷണൽ ട്രേഡ് ഫെയറുകളിലും ടൂറിസം മേളകളിലും കേരള ടൂറിസം സജീവ സാന്നിധ്യമാകാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ മികച്ച നൂതനമായ പരസ്യ ക്യാമ്പയിനായ Human by Nature ഈ വർഷം വകുപ്പ് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിനായി ഓണം/നിശാഗന്ധി ഫെസ്റ്റിവൽ പ്രൊമോട്ട് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനും പുറമെ രാജ്യത്തിനകത്ത് വിവിധ നഗരങ്ങൾ കേന്ദ്രീകരിച്ച് വകുപ്പ് റോഡ് ഷോകൾ സംഘടിപ്പിച്ചുവരുന്നു. പ്രധാനപ്പെട്ട ടൂറിസം മേളകളിലും വകുപ്പ് പങ്കെടുത്തുവരുന്നു. കേരള ബ്ലോഗ് എക്സ്പ്രസ് എന്ന ആശയവും ആഭ്യന്തര ടൂറിസം രംഗത്ത് പുതിയ ഒരു ആശയം തന്നെയാണ്. ചാമ്പ്യൻസ് ബോട്ട് ലീഗ്, നിശാഗന്ധി മൺസൂൺ മ്യൂസിക് ഫെസ്റ്റിവൽ എന്നിവ ആഭ്യന്തര ടൂറിസം വികസനം മുന്നിൽ കണ്ടാണ് നടപ്പിലാക്കുന്നത്. |
| ബി) | 2018 ൽ എത്ര വിദേശ വിനോദസഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചു എന്ന് വ്യക്തമാക്കാമോ; ഏത് രാജ്യത്തുനിന്നാണ് ഏറ്റവുമധികം സഞ്ചാരികൾ എത്തിയതെന്നുള്ള വിവരം ലഭ്യമാക്കാമോ? | ബി) | 2018-ലെ സ്ഥിതിവിവര കണക്കനുസരിച്ച് കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 10,96,407 (പത്തുലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി നാനൂറ്റി ഏഴ്) ആണ്. യുണൈറ്റഡ് കിംഗ്ഡം-ൽ നിന്നാണ് ഏറ്റവുമധികം സഞ്ചാരികൾ കേരളത്തിൽ എത്തിയത് (2,01,258). |

സെക്ഷൻ ഓഫീസർ